ടി ജി– എഫ്എംഎംഇ പരമ്പര

(പ്രത്യേക വിഭാഗത്തിനുള്ള സാമ്പത്തിക ബോധവത്ക്കരണ സന്ദേശം)






# സ്വയം സഹായ സംഘങ്ങൾക്കുള്ള സാമ്പത്തിക സാക്ഷരത

ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്, ആർബിഐ

### സന്ദേശം 1

സ്വയം സഹായ സംഘങ്ങളുടെ (എസ്എച്ച്ജി) സേവിംങ് ബാങ്ക് അക്കൗണ്ടുകൾക്കുള്ള കെ വൈ സി (നോ യുവർ കസ്റ്റമർ)

### സന്ദേശം 2

മാർജിൻ, ജാമ്യ വ്യവസ്ഥകൾ

### സന്ദേശം 3

സ്വമനസ്സാലെയുള്ള സമ്പാദ്യങ്ങൾ

### സന്ദേശം 4

എസ്എച്ച്ജികളുടെ നല്ല പെരുമാറ്റ തത്ത്വങ്ങൾ – ഭാഗം 1

### സന്ദേശം 5

എസ്എച്ച്ജികളുടെ നല്ല പെരുമാറ്റ തത്ത്വങ്ങൾ – ഭാഗം 2



## സ്വയം സഹായ സംഘങ്ങൾ (എസ്എച്ച്ജികൾ)




## സന്ദേശം 1 : സ്വയം സഹായ സംഘങ്ങളുടെ (എസ്എച്ച്ജികൾ) സേവിംങ് ബാങ്ക് അക്കൗണ്ടുകൾക്കുള്ള കെ വൈ സി (നോ യുവർ കസ്റ്റമർ)

സമ്പാദ്യ ശീലം ഉണ്ടാക്കുകയും വായ്പ കൊടുക്കുകയും ചെയ്യുക എന്ന പ്രവൃത്തിയിൽ ഏർപ്പെടുന്നതിന് വേണ്ടി നിങ്ങൾ ഒരു സ്വയം സഹായ സംഘം (എസ്എച്ച്ജി) രൂപീകരിച്ചുവെന്നും ഇപ്പോൾ ആ എസ്എച്ച്ജിക്ക് ഒരു സേവിംങ് ബാങ്ക് അക്കൗണ്ട് തുറക്കാൻ ആഗ്രഹിക്കുന്നു എന്നും വിചാരിക്കുക.

**സ്വയം സഹായ സംഘങ്ങൾ**

**ഒത്തുകൂടുന്നതിന്റെ ഉദ്ദേശ്യം: സമ്പാദ്യം, എസ് എച്ച് ജിയ്ക്ക് വായ്പ സുഗമമാക്കൽ**




ഭാരവാഹികൾ

**ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനായി സമർപ്പിക്കേണ്ട രേഖകൾ**



എല്ലാ ഭാരവാഹികളുടേയും കെ വൈ സി.




എച്ച് എച്ച് ജിയ്ക്കു വേണ്ടി ഒരു അക്കൗണ്ട് തുറക്കാൻ ഭാരവാഹികളെ അധികാരപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം.



എല്ലാ സംഘാംഗങ്ങളുടേയും കെ വൈ സി.

എസ് എച്ച് ജിയുടെ സേവിംങ് ബാങ്ക് അക്കൗണ്ട് തുറക്കുമ്പോൾ എല്ലാ എസ് എച്ച് ജി അംഗങ്ങളുടേയും കെ വൈ സി ബോധ്യപ്പെടുത്തേണ്ടതില്ല എന്ന കാര്യം അറിഞ്ഞിരിക്കുക. അതിന് ഭാരവാഹികളുടെ മാത്രം കെവൈസി പരിശോധിച്ചാൽ മതിയാകും. എന്നാൽ എസ് എച്ച് ജിയ്ക്ക് വേണ്ടി അക്കൗണ്ട് തുറക്കാൻ അധികാരപ്പെടുത്തപ്പെട്ടിരിക്കുന്ന ഭാരവാഹികളുടെ പേര് വ്യക്തമാക്കുന്ന എസ് എച്ച് ജി പ്രമേയം സമർപ്പിക്കേണ്ടതുണ്ട്.

## സന്ദേശം 2: മാർജിൻ, ജാമ്യ വ്യവസ്ഥകൾ




വായ്പ തുക = ആസ്തിയുടെ 1-4 ഇരട്ടി.
ആസ്തി 10,000 രൂപയാണെങ്കിൽ വായ്പ 10,000 രൂപയ്ക്കും 40,000 രൂപയ്ക്കും ഇടയിലാകാവുന്ന താണ്.

ബാങ്ക് നിങ്ങളുടെ എസ് എച്ച് ജിയ്ക്ക് ആകെയുള്ള ആസ്തിയുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിച്ചേക്കാം. നിങ്ങളുടെ എസ് എച്ച് ജിയ്ക്ക് 10,000 രൂപ ആസ്തിയുണ്ടെന്ന് വിചാരിക്കുക (എസ് എച്ച് ജിയുടെ കയ്യിലുള്ള പണം+ബാങ്കിലെ സേവിംഗ് അക്കൗണ്ടിൽ മിച്ചമുള്ളത്+അംഗ ങ്ങൾക്ക് വായ്പ കൊടുത്തിരിക്കുന്നത് എന്നിവയായി.). അങ്ങനെയെങ്കിൽ വായ്പാ തുക 10,000 രൂപ മുതൽ 40,000 രൂപവരെയായിരിക്കും.

**വായ്പക്കായി എസ് എച്ച് ജികളിൽ നിന്ന് ഒരുവക ഈടും വാങ്ങുന്നതല്ല.**


താഴെ പറയുന്ന സാഹചര്യങ്ങളിൽ ആകെ ആസ്തിയുടെ നാല് ഇരട്ടിയിൽ അധികം വായ്പ തുക ലഭിക്കാൻ സാധ്യതയുണ്ട്:

- എസ് എച്ച് ജികൾ നിരവധി വർഷങ്ങളായി വിജയകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.
- എസ് എച്ച് ജികൾ മുൻ വായ്പ യഥാസമയം തിരിച്ചടച്ചു.
- എസ് എച്ച് ജികൾ വായ്പാ സൗകര്യം ഉത്തരവാദിത്തത്തോടെ ഉപയോഗപ്പെടുത്തി.

## സന്ദേശം 3 : സ്വമനസ്സാലെയുള്ള സമ്പാദ്യങ്ങൾ

പൊതുവിൽ, ഒരു എസ് എച്ച് ജി അംഗം എന്ന നിലയ്ക്ക് നിങ്ങൾ ആഴ്ചതോറും/രണ്ടാഴ്ചയിൽ ഒരിക്കൽ/മാസംതോറും കൂടുന്ന എസ് എച്ച് ജി യോഗത്തിൽ ഒരു നിശ്ചിത തുക നിർബന്ധിത സമ്പാദ്യമായി നൽകേണ്ടിവരും. കുറച്ചു നാൾ കഴിയുമ്പോൾ നിങ്ങളുടെ വരുമാനം ഉണ്ടാക്കാനുള്ള ശേഷിയും സമ്പാദിക്കാനുള്ള ശേഷിയും വർദ്ധിക്കുകയും അത് സംഘത്തിലെ മറ്റ് അംഗങ്ങളുടേതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുകയും ചെയ്തേക്കാം. നിങ്ങൾക്ക് അപ്പോൾ മറ്റ് അംഗങ്ങൾ നൽകുന്ന നിശ്ചിത തുകയേക്കാൾ കൂടുതൽ തുക സ്വമേധയാ നൽകാവുന്നതാണ്.

സംഘത്തിലെ ഒരു വ്യക്തിഗത അംഗത്തിന് രണ്ട് തരം സേവിംങ്സ് വിഹിതം കൊടുക്കാവുന്നതാണ്, ഒന്ന് സംഘം നിശ്ചയിച്ചിട്ടുള്ള തുക, രണ്ടാമത്തേത് സ്വമനസ്സാലെയുള്ളത്.



**നിർബന്ധിത സമ്പാദ്യം**
ഇത് സംഘം നിശ്ചയിക്കുന്ന തുകയാണ്.

**സ്വമനസ്സാലെയുള്ള സംഭാവന**
സംഘത്തിലെ മറ്റ് അംഗങ്ങളേക്കാൾ
ഉയർന്ന വരുമാനമുണ്ടെങ്കിൽ.

മിച്ചം വരുന്ന തുക നിക്ഷേപിച്ചുകൊണ്ട് നിങ്ങൾക്ക് ഒരു വ്യക്തിഗത ബാങ്ക് അക്കൗണ്ട് തുറക്കുകയോ നിലവിലുള്ള വ്യക്തിഗത സേവിംങ്സ് അക്കൗണ്ട് പുനർജീവിപ്പിക്കുകയോ ചെയ്യാവുന്നതാണ്. അങ്ങനെയാകുമ്പോൾ നിങ്ങൾ ഭാവിയിലേക്ക് ആസൂത്രണം ചെയ്തിരിക്കുന്ന ചെലവുകളെ ഇത്തരം സമ്പാദ്യങ്ങൾകൊണ്ട് നേരിടാനാകും. ഇതിന് പകരമായി, നിങ്ങൾക്ക് മിച്ചം വരുന്ന തുക സംഘം നിശ്ചയിച്ചിട്ടുള്ള നിർബന്ധിത സമ്പാദ്യത്തിന് പുറമേ സ്വമനസ്സാലുള്ള സാമ്പാദ്യമായി എസ് എച്ച് ജിയിൽ തന്നെ അടയ്ക്കാവുന്നതാണ്. ഇത് പ്രത്യേകമായി തന്നെ കണക്കാക്കപ്പെടുന്നതിനായി എസ് എച്ച് ജിയ്ക്ക് അനുയോജ്യമായ കണക്കെഴുത്ത് സംവിധാനം ഉണ്ടെന്ന് നിങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

സ്വമനസ്സാലുള്ള സമ്പാദ്യം രണ്ട് തരത്തിൽ കണക്കാക്കപ്പെടാവുന്നതാണ്:

1) സംഘത്തിന്റെ ആസ്തിയുടെ ഭാഗമാക്കപ്പെടാതെ.
2) സംഘത്തിന്റെ ആസ്തിയുടെ ഭാഗമായി കണക്കാക്കുകയും സംഘത്തിനകത്തെ കടംകൊടുക്കലുകൾക്ക് ഉപയോഗപ്പെടുത്തുകയും ചെയ്തുകൊണ്ട്.

രണ്ടാമത്തേതിൽ, സ്വമനസ്സാലെയുള്ള സമ്പാദ്യം, സംഘത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതിനാൽ, സംഘത്തിന് ബാങ്കിൽ നിന്ന് ലഭിക്കുന്ന വായ്പയുടെ അളവ് നിർണയിക്കുന്നതിനായി കണക്കാക്കപ്പെടും. ഇതിലൂടെ എസ് എച്ച് ജിയ്ക്ക് ബാങ്കിൽ നിന്ന് കൂടുതൽ തുക വായ്പ കിട്ടും എന്നതിനാൽ നിങ്ങളുടെ എസ് എച്ച് ജിയ്ക്ക് അതിലൂടെ നേട്ടമുണ്ടാക്കാകും. സംഘത്തിലെ അംഗങ്ങളുടെ സ്വമനസ്സാലെയുള്ള സമ്പാദ്യം പലിശ വരുമാനത്തിന്റെ ആനുപാതിക ഓഹരിക്ക്, അല്ലെങ്കിൽ സംഘത്തിൽ നിന്നുള്ള ലാഭവിഹിതത്തിന് അർഹമാണോ എന്ന് എസ് എച്ച് ജി കൂട്ടായി തീരുമാനിക്കും.

# സന്ദേശം 4: എസ്എച്ച്ജികളുടെ നല്ല പെരുമാറ്റ തത്ത്വങ്ങൾ – ഭാഗം 1



## നിശ്ചിത കാലയളവുകളിലുള്ള യോഗങ്ങൾ

യോഗം ചേരുന്നതിനുള്ള കാലയളവ് എത്രയെന്ന് എസ് എച്ച് ജിയിലെ അംഗങ്ങൾ നിശ്ചയിക്കുന്നതാണ്. അത്തരം യോഗങ്ങൾ ആഴ്ചാടിസ്ഥാനത്തിൽ ആയിരിക്കുന്നതാണ് ഉത്തമം. എന്നാൽ, സംഘത്തിന്റെ സൗകര്യത്തിന് അനുസരിച്ച് അത് രണ്ടാഴ്ചയിൽ ഒരിക്കലോ മാസത്തിൽ ഒരിക്കലോ ആകാവുന്നതുമാണ്.

**കൃത്യമായ യോഗങ്ങളും കൃത്യമായ ഹാജരും**: ക്രമപ്രകാരം, പതിവായി സംഘം യോഗം ചേരുന്നതും സംഘാംഗങ്ങളുടെ ആകെയുള്ള പങ്കാളിത്തവും എസ് എച്ച് ജികൾക്ക് കൂടുതൽ ശക്തി പ്രദാനം ചെയ്യും. ഇത് കൈവരിക്കുന്നതിനായി, എസ് എച്ച് ജികൾ പതിവായുള്ള യോഗങ്ങൾ നടത്തുന്നതിലും യോഗങ്ങളിൽ എല്ലാ സംഘാംഗങ്ങളും ഹാജരാകുന്നതിലും ശക്തിയായ ഊന്നൽ കൊടുക്കണം. ഇത്തരം യോഗങ്ങൾ അംഗങ്ങളെ പരസ്പരം കൂടുതൽ അടുപ്പിക്കുകയും അതിലൂടെ അവർക്ക് ഓരോരുത്തരുടേയും വെല്ലുവിളികൾ കൂടുതൽ നന്നായി മനസ്സിലാക്കാൻ സാധിക്കുകയും ചെയ്യും.

സംഘത്തിന്റെ യോഗങ്ങളിൽ എല്ലാ അംഗങ്ങളും പങ്കെടുക്കുന്നത് സംഘത്തിന് എല്ലാവരുടേയും നേട്ടത്തിനും സംതൃപ്തിക്കും വേണ്ടി പ്രവർത്തിക്കാൻ ഉതകുന്ന ഉറപ്പും സുസ്ഥിരതയും പ്രദാനം ചെയ്യും.



## നിശ്ചിത കാലയളവിലുള്ള സമ്പാദ്യങ്ങൾ

സംഘത്തിലെ അംഗങ്ങൾ ആഴ്ചയിൽ/ നിശ്ചിത കാലയളവിൽ നൽകേണ്ടതായ സമ്പാദ്യ തുക എത്രയായിരിക്കണം എന്ന് അംഗങ്ങളിലെ ഏറ്റവും പാവപ്പെട്ടയാളുടെ ശേഷിയുടെ അടിസ്ഥാനത്തിൽ, എസ് എച്ച് ജി അംഗങ്ങൾ കൂട്ടായി തീരുമാനിക്കണം.

സമ്പാദ്യ ശീലം (ചെറിയ സമ്പാദ്യങ്ങൾ) എസ് എച്ച് ജിയുടെ അടിസ്ഥാന ഘടകമായിരിക്കുകയും അത് ശക്തമായ ഒരു പൊതു ഫണ്ട് കെട്ടിപ്പടുക്കാൻ സഹായിക്കുകയും ചെയ്യുന്നു. (നേട്ടം: ചിട്ടയോടെയുള്ള സമ്പാദ്യം സംഘത്തിലെ ഒരംഗത്തിനും അവന്റെ/അവളുടെ അടിയന്തിരമായ സാമ്പത്തിക ആവശ്യങ്ങൾക്ക് പണം കടംകൊടുപ്പുകാരെ ആശ്രയിക്കേണ്ടതില്ലാതാക്കുന്ന നിലയിലേക്ക് സംഘത്തിന്റെ ആസ്തി വർദ്ധിപ്പിക്കും. സ്വന്തം ആസ്തിയിൽ നിന്നു തന്നെ സംഘാംഗങ്ങൾക്ക് പണം കൊടുക്കുന്നതിലൂടെ ഈ ആവശ്യങ്ങൾ പരിഹരിക്കപ്പെടും. വർദ്ധിച്ച ആസ്തി സംഘത്തെ ബാങ്കിൽ നിന്ന് കൂടുതൽ തുക വായ്പ നേടാൻ പ്രാപ്തിയുള്ളതാക്കുകയും ചെയ്യും.)



## ക്രമീകൃതമായ ആഭ്യന്തര വായ്പാ വിതരണം

എസ് എച്ച് ജി വലിയൊരു തുക സമ്പാദ്യത്തിന്റെ രൂപത്തിൽ, ഉദാ., മൂന്നു മുതൽ ആറ് വരെ മാസത്തേക്ക്, സ്വരൂപിച്ചിട്ടുണ്ടെങ്കിൽ, അംഗങ്ങൾക്ക് അടിയന്തിര ഉപഭോഗ ആവശ്യങ്ങൾക്കും അനുബന്ധ വരുമാനോൽപാദന വായ്പാ ആവശ്യങ്ങൾക്കും അവരുടെ സമ്പാദ്യത്തിന്മേൽ വായ്പ അനുവദിക്കാവുന്നതാണ്.

- സംഘത്തിന്റെ ഫണ്ടിൽ നിന്നും, അംഗങ്ങളുടെ സാമ്പത്തിക ആവശ്യത്തിന് മുൻഗണന നിശ്ചയിച്ചുകൊണ്ട്, അംഗങ്ങൾക്ക് പണം കടം കൊടുക്കാവുന്നതാണ്.
- എസ് എച്ച് ജി അംഗങ്ങൾ അവരുടെ സ്വന്തം പൊതു ഫണ്ട് കൈകാര്യം ചെയ്യുന്നതിലൂടെ, ഓരോരുത്തരുടേയും സാമ്പത്തിക ആവശ്യങ്ങൾ പരിഹരിക്കുക മാത്രമല്ല, അതോടൊപ്പം, അവരുടെ സാമ്പത്തിക കാര്യനിർവ്വഹണ ശേഷിയും മധ്യവർത്തി ശേഷിയും വികസിപ്പിക്കുകയും ചെയ്യുന്നുണ്ട്.
- അംഗങ്ങൾക്ക് പണം കടം കൊടുക്കുന്നത് പലിശ നിരക്ക്, വായ്പാ ഗഡു എന്നിവ നിശ്ചയിക്കൽ, വായ്പ തിരിച്ചുപിടിക്കൽ മുതലായവയിലുള്ള എസ് എച്ച് ജി അംഗങ്ങളുടെ അറിവ് വർദ്ധിപ്പിക്കുകയും ചെയ്യും.
- ഉദ്ദേശ്യം, തുക, പലിശ നിരക്ക്, തിരിച്ചടവ് ക്രമം മുതലായവ സംഘം തന്നെ നിശ്ചയിക്കേണ്ടതാണ്..

# സന്ദേശം 5: എസ്.എച്ച്ജികളുടെ നല്ല പെരുമാറ്റ തത്ത്വങ്ങൾ – ഭാഗം 2



## കൃത്യമായ വായ്പാ തിരിച്ചടവ്

പണം കടം കൊടുക്കലും കടം വാങ്ങലും അടിസ്ഥാനപരമായി കടം വാങ്ങുന്നയാളിലുള്ള വിശ്വാസത്തിന്റേയും, വായ്പ ലഭിക്കുന്നതിനുള്ള അയാളുടെ യോഗ്യതയുടേയും അടിസ്ഥാനത്തിലാണ് നടക്കുന്നത്. ഗഡുക്കൾ യഥാ സമയം തന്നെ തിരിച്ചടയ്ക്കുക എന്നത് കടം വാങ്ങിയ ആളുടെ കർത്തവ്യമാണ്. ഗഡുക്കൾ തിരിച്ചടയ്ക്കാൻ വൈകിയാൽ കൂടുതൽ പലിശ കൊടുക്കേണ്ടിവരും. എന്ന് മാത്രമല്ല അത് മോശം വായ്പാ ചരിത്രം അഥവാ ക്രെഡിറ്റ് ഹിസ്റ്ററി സൃഷ്ടിക്കുകയും മോശം ക്രെഡിറ്റ് റെക്കോർഡിന്റെ/സ്കോറിന്റെ പേരിൽ ഭാവിയിൽ കടം വാങ്ങാൻ ബുദ്ധിമുട്ടാകുന്ന സ്ഥിതിയിലേക്ക് നയിക്കുകയും ചെയ്യും.

## വ്യക്തിഗത അംഗങ്ങളുടെ ക്രെഡിറ്റ് സ്കോർ

ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനി (സിഐസി) കൾ അവയുടെ പക്കലുള്ള വായ്പാ സംബന്ധമായ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ഒരു വ്യക്തിയുടെ വായ്പ ലഭിക്കുന്നതിനുള്ള യോഗ്യതയെ സംഖ്യാ രൂപത്തിൽ ആവിഷ്ക്കരിക്കുന്നതിനെയാണ് 'ക്രെഡിറ്റ് സ്കോർ' എന്ന് വിളിയ്ക്കപ്പെടുന്നത്. ഇത് ബാങ്കുകൾ, ഒരു വ്യക്തി അവന്റെ/അവളുടെ കടങ്ങൾ തിരിച്ചടയ്ക്കാനുള്ള സാധ്യത വിലയിരുത്തുന്നതിനായി ഉപയോഗപ്പെടുത്തുന്നു. ഒരാളുടെ ക്രെഡിറ്റ് സ്കോർ മറ്റ് കാര്യങ്ങളുടെ കൂടെ, അയാളുടെ മുൻകാല കടമെടുപ്പും തിരിച്ചടവും സംബന്ധിച്ച ചരിത്രത്തിന്റേയും (ക്രെഡിറ്റ് ഹിസ്റ്ററിയുടേയും) അടിസ്ഥാനത്തിലായിരിക്കും. ഇത് 300 നും 900 നും ഇടയിലുള്ള ഒരു സംഖ്യയായിരിക്കും. ഉയർന്ന സംഖ്യ, ഒരാൾ കടം കൊടുക്കപ്പെടാൻ കൂടുതൽ യോഗ്യനാണ് എന്നതിന് തെളിവായി പരിഗണിക്കപ്പെടുന്നു.



## കണക്കെഴുത്ത്

എസ് എച്ച് ജിയിൽ സാമ്പത്തികവും സാമ്പത്തികേതരവുമായ എല്ലാ ഇടപാടുകളും സുതാര്യമായിരിക്കണം എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഇത് എല്ലാ അംഗങ്ങൾക്കുമിടയിൽ ഉത്തരവാദിത്വവും, പരസ്പര വിശ്വാസവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നു. കണക്ക് പുസ്തകവും, അംഗത്വ രജിസ്റ്റർ, മിനിട്സ് ബുക്ക്, ഹാജർ രജിസ്റ്റർ, ക്യാഷ് ബുക്ക് മുതലായവപോലുള്ള മറ്റ് രേഖകളും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തിപുതുക്കി സൂക്ഷിക്കേണ്ടതാണ്. എസ് എച്ച് ജിയുടെ എല്ലാ ഇടപാടുകളും, ഓരോ അംഗത്തിന്റേയും മിച്ചം, സ്വമനസ്സാലെയുള്ള സമ്പാദ്യം, ആഭ്യന്തര വായ്പകൾ എന്നിവയടക്കം, അവ മനസ്സിലാക്കാൻ അംഗങ്ങളെ പ്രാപ്തരാമാക്കും വിധം പതിവായി രേഖപ്പെടുത്തുകയും അവരെ വിവരം അറിയിക്കുകയും വേണം.

നേട്ടങ്ങൾ :

1. സംഘം എടുക്കുന്ന എല്ലാ തീരുമാനങ്ങളും അംഗങ്ങൾ സമയാസമയം അറിഞ്ഞിരിക്കും. അത് ഭാവിയിൽ മികച്ച തീരുമാനങ്ങളെടുക്കാൻ അവരെ പ്രാപ്തരാക്കുന്നു.
2. കണക്കെഴുത്ത് അംഗങ്ങളുടെ സമ്പാദ്യം, വായ്പകൾ, അംഗങ്ങളുടെ ഹാജർ നില, സംഘത്തിന്റെ ഫണ്ട്, വീണ്ടെടുപ്പ് (റിക്കവറി) ശതമാനം മുതലായവ പോലുള്ള, സംഘത്തിന്റെ സാമ്പത്തിക സ്ഥിതി നിർണ്ണയിക്കുന്നതിന് സഹായിക്കുന്നു.
3. ഇത് അംഗങ്ങൾക്കിടയിൽ ആത്മവിശ്വാസവും ഐക്യവും കെട്ടിപ്പടുക്കുന്നതിന് സഹായിക്കുന്നു.
4. ഇത് ഗ്രൂപ്പിന്റെ വായ്പ കിട്ടാനുള്ള യോഗ്യത വർദ്ധിപ്പിച്ചുകൊണ്ട് സ്ഥാപന വികസനത്തിന് സഹായിക്കുന്നു.
5. ഇത് സംഘത്തെ അതിന്റെ പ്രകടനം നിരീക്ഷിക്കാൻ പ്രാപ്തമാക്കുന്നു.
6. മികച്ച രീതിയിൽ കണക്കെഴുതി സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ സംഘത്തെ ബാങ്കുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നുമുള്ള വായ്പകൾ പോലുള്ള പുറം സ്രോതസ്സുകളെ ആകർഷിക്കാൻ പ്രാപ്തമാക്കുന്നു.
7. മികച്ച രീതിയിൽ കണക്കെഴുതി സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ അംഗങ്ങളെ, സംഘത്തിന്റെ ശക്തിപ്പെടലിലേക്കും സുസ്ഥിരതയിലേക്കും നയിക്കുന്ന സുതാര്യമായ സാമ്പത്തിക ഇടപാടുകൾക്ക് പ്രോത്സാഹിപ്പിക്കുന്നു.
8. ഇത് സംഘത്തിന് പൊതു സ്ഥാപനങ്ങളുടെ വീക്ഷണത്തിൽ അംഗീകാരം കൊണ്ടുവരുന്നു.
9. മികച്ച കണക്കെഴുത്ത് ഗ്രൂപ്പിന്റെ പ്രകടനത്തിന്റെ റേറ്റിംഗിന് സഹായിക്കുന്നു.

## പ്രത്യേക വിഭാഗത്തെ ലക്ഷ്യംവെച്ചുള്ള സാമ്പത്തിക സാക്ഷരതാ പഠനസാമഗ്രി

ആർ ബി ഐയുടെ എക്സിക്യൂട്ടീവ് ഡയറക്റ്റർ ശ്രീ. ദീപക് മൊഹന്തിയുടെ അദ്ധ്യക്ഷതയിലുള്ള, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളേയും സാമ്പത്തിക ഉൽപ്പന്നങ്ങളുടെ ഗുണഭോക്താക്കളാക്കി മാറ്റുന്ന സമഗ്ര സാമ്പത്തിക ഉൾപ്പെടുത്തലിന്റെ ഇടക്കാല മാർഗത്തിനായുള്ള സമിതി (കമ്മറ്റി ഓൺ മീഡിയം–ടേം പാത്ത് ഓൺ ഫിനാൻഷ്യൽ ഇൻക്ലൂഷൻ) യുടെ ശുപാർശകളിലൊന്ന് സാമ്പത്തിക വിദ്യാഭ്യാസത്തിനായി ലക്ഷ്യംവെയ്ക്കപ്പെടുന്ന സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങൾക്ക് വ്യത്യസ്ത തരത്തിലുള്ള സാമ്പത്തിക വിദ്യാഭ്യാസം വേണ്ടി വരും എന്നതിനാൽ സാമ്പത്തിക വിദ്യാഭ്യാസത്തിനായി 'എല്ലാ സാഹചര്യങ്ങൾക്കും അനുയോജ്യമായ' ഒരു സമീപനമെന്നത് ഏറ്റവും അനുയോജ്യമായത് ആയേക്കില്ല, അതിനാൽ പാഠ്യപദ്ധതിയുടെ ഉള്ളടക്കം ഓരോ വ്യത്യസ്ത വിഭാഗത്തിനും അനുയോജ്യമാകേണ്ടതുണ്ട് എന്നതായിരുന്നു.

ഭാരതീയ റിസർവ് ബാങ്കിന്റെ സാമ്പത്തിക ഉൾപ്പെടുത്തൽ, വികസന വകുപ്പ്, അഞ്ച് വ്യത്യസ്ത വിഭാഗങ്ങൾക്കായി, അതായത് കർഷകർ, ചെറുകിട സംരംഭകർ, സ്കൂൾ വിദ്യാർത്ഥികൾ, സ്വയം സഹായ സംഘങ്ങൾ (എസ് എച്ച് ജി കൾ), മുതിർന്ന പൗരന്മാർ എന്നിവർക്കായി പ്രത്യേകം പ്രത്യേകം തയ്യാറാക്കിയിട്ടുള്ള സാമ്പത്തിക സാക്ഷരതാ പാഠങ്ങൾ അവതരിപ്പിക്കുകയാണ്. ഇത്തരത്തിൽ അവതരിപ്പിക്കുന്ന അഞ്ച് പുസ്തകങ്ങളുടെ പരമ്പരയിലെ ഒരു പുസ്തകമാണിത്.

### ബാദ്ധ്യതാ നിരാകരണം

ഈ പുസ്തകം വായനക്കാരനെ സാമ്പത്തിക സാക്ഷരനാക്കുക എന്ന ആത്മാർത്ഥമായ ഉദ്ദേശ്യത്തോടെ ഒരു വായനാ, പഠന സാമഗ്രി എന്ന നിലയ്ക്കാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇത് വായനക്കാരനെ ഏതെങ്കിലും പ്രത്യേക സാമ്പത്തിക ഉൽപ്പന്നം/ഉത്പന്നങ്ങൾ സംബന്ധിച്ചോ സാമ്പത്തിക സേവനം/സേവനങ്ങൾ സംബന്ധിച്ചോ തീരുമാനം എടുക്കുന്നതിൽ സ്വാധീനിക്കാൻ ഉദ്ദേശിച്ചുള്ളതല്ല.


### പകർപ്പവകാശം

ആദ്യ പതിപ്പ് – ഏപ്രിൽ 2018

സ്രോതസ്സ് വെളിപ്പെടുത്തിക്കൊണ്ട് ഇത് പുനഃപ്രസിദ്ധീകരിക്കാവുന്നതാണ്.

### പ്രസാധകർ

ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്,
ഭാരതീയ റിസർവ് ബാങ്ക്
10–ാം നില, സെൻട്രൽ ഓഫീസ് ബിൽഡിംഗ്,
ശഹീദ് ഭഗത് സിംഗ് മാർഗ്,
ഫോർട്ട്,
മുംബൈ.

### കൃതജ്ഞത

രൂപകല്പന: കൗശിക് രാമചന്ദ്രൻ

**ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്‌മെന്റ് ഡിപ്പാർട്ട്മെന്റ്**
**ഭാരതീയ റിസർവ് ബാങ്ക്**
10–ാം നില, സെൻട്രൽ ഓഫീസ് ബിൽഡിംഗ്,
മുംബൈ 400001, ഇന്ത്യ